**മധുരമായകുട്ടികളേ - ജ്ഞാനത്തിന്റെ പോയിന്റുകൾ സ്മൃതിയിൽ വെക്കുകയാണെങ്കിൽ സന്തോഷമുണ്ടായിരിക്കും, നിങ്ങളിപ്പോൾ സ്വർഗ്ഗത്തിന്റെ കവാടത്തിൽ നിൽക്കുകയാണ്, ബാബ മുക്തി-ജീവന്മുക്തിയുടെ വഴി കാണിച്ചു തന്നുകൊണ്ടിരിക്കുകയാണ്.**

**ചോദ്യം:-** തന്റെ രജിസ്റ്റർ ശരിയാക്കി വെക്കുന്നതിനായി ഏതൊരു കാര്യത്തിൽ തീർച്ചയായും ശ്രദ്ധ വെക്കണം?

**ഉത്തരം:-** ശ്രദ്ധയുണ്ടായിരിക്കണം, മനസാ-വാചാ-കർമ്മണാ ആർക്കും ദുഖം നൽകിയില്ലല്ലോ? തന്റെ സ്വഭാവം വളരെ ഫസ്റ്റ് ക്ലാസ്സും, മധുരവുമായിരിക്കണം. മായ മൂക്കിനും, ചെവിക്കും പിടിച്ച് മറ്റുള്ളവർക്ക് ദുഃഖം നൽകുന്ന വിധത്തിലുള്ള കർത്തവ്യങ്ങൾ ചെയ്യിക്കരുത്. അഥവാ ദുഃഖം നൽകുകയാണെങ്കിൽ വളരെയധികം പശ്ചാത്തപിക്കേണ്ടതായി വരും.രജിസ്റ്റർ മോശമായിത്തീരും.

**ഗീതം:-** കണ്ണില്ലാത്തവർക്ക് വഴി കാണിക്കൂ പ്രഭോ....

**ഓം ശാന്തി**. ബാബ കുട്ടികൾക്ക് മനസ്സിലാക്കിത്തരുന്നു, വളരെ സഹജമായ വഴിയാണ് പറഞ്ഞുതരുന്നത് എങ്കിലും കുട്ടികൾ വീണ്ടും ബുദ്ധിമുട്ട് അനുഭവിച്ചുകൊണ്ടിരിക്കുന്നു. ഇവിടെയിരിക്കുമ്പോൾ മനസ്സിലാക്കണം നമ്മെ ബാബയാണ് പഠിപ്പിക്കുന്നത്, ശാന്തിധാമത്തിലേക്ക് പോകാനുള്ള വഴി മനസ്സിലാക്കിത്തരുന്നു. വളരെ സഹജമാണ്. ബാബ പറയുന്നു, രാത്രിയും പകലും എത്ര കഴിയുന്നുവോ ഓർമ്മിക്കണം. ഭക്തിമാർഗ്ഗത്തിൽ ധാരാളം കാൽനടയാത്ര ചെയ്യേണ്ടതായി വരുന്നു, വളരെയധികം കഷ്ടപ്പെടേണ്ടതായി വരുന്നു. നിങ്ങൾക്ക് ഇവിടെ ഇരുന്നുകൊണ്ടും ഓർമ്മയുടെ യാത്രയിലിരിക്കുവാൻ സാധിക്കും. ദൈവീകഗുണങ്ങൾ ധാരാണ ചെയ്യണം എന്നുള്ളതും ബാബ മനസ്സിലാക്കിത്തന്നിട്ടുണ്ട്. പൈശാചികമായ അവഗുണങ്ങളെ നശിപ്പിക്കൂ. പൈശാചികമായ യാതൊരു കർമ്മവും ചെയ്യരുത്, ഇതിലൂടെ വികർമ്മങ്ങളുടെ കണക്കുണ്ടാകുന്നു. ബാബ വന്നിരിക്കുന്നതു തന്നെ നിങ്ങൾ കുട്ടികളെ സദാ സുഖികളാക്കി മാറ്റുന്നതിനായാണ്. ഏതെങ്കിലും ചക്രവർത്തിയുടെ കുട്ടിയാണെങ്കിൽ, ആ കുട്ടി തന്റെ അച്ഛനെയും ചക്രവർത്തി പദവിയെയും കണ്ട് സന്തോഷിക്കില്ലേ. ഇന്നത്തെക്കാലത്ത് രാജ്യപദവി ലഭിച്ചാലും ശരീരത്തിൽ രോഗങ്ങൾ വരികതന്നെ ചെയ്യും. ഇവിടെ നിങ്ങൾ കുട്ടികൾക്ക് നിശ്ചയമുണ്ട് ശിവബാബ വന്നിരിക്കുകയാണ്, നമ്മെ പഠിപ്പിക്കുകയാണ്. പിന്നീട് നമ്മൾ സ്വർഗ്ഗത്തിലേക്ക് പോയി തന്റെ രാജ്യം ഭരിക്കുന്നു. അവിടെ ഏതൊരു പ്രകാരത്തിലുള്ള ദുഃഖവും ഉണ്ടായിരിക്കില്ല. നിങ്ങളുടെ ബുദ്ധിയിലിപ്പോൾ രചയിതാവിന്റെയും, രചനയുടെയും ആദി -മദ്ധ്യ- അന്ത്യത്തിന്റെ ജ്ഞാനമുണ്ട്. ഈ ജ്ഞാനം മറ്റൊരു മനുഷ്യന്റെയും ബുദ്ധിയിലില്ല. ഇതിനുമുമ്പ് നിങ്ങളിലും ജ്ഞാനമുണ്ടായിരുന്നില്ല, ബാബയെ അറിയുമായിരുന്നില്ല എന്ന് ഇപ്പോഴാണ് നിങ്ങൾക്ക് മനസ്സിലായത്. ഭക്തി വളരെ ഉത്തമമാണെന്നു മനസ്സിലാക്കി മനുഷ്യർ അനേകപ്രകാരത്തിലുള്ള ഭക്തി ചെയ്തു വരുന്നു. അതിലെല്ലാം തന്നെ സ്ഥൂലമായ കാര്യങ്ങളാണുള്ളത്. സൂക്ഷ്മ രഹസ്യങ്ങൾ ഒന്നിലുമില്ല. അമർനാഥയാത്രയിലും സ്ഥൂലമായാണ് നിങ്ങൾ പോകുന്നത്. അവിടെയും അതേ ശിവലിംഗമാണ്. ആരുടെ ഭക്തി ചെയ്യുകയാണെങ്കിലും മനുഷ്യർക്ക് അവരെക്കുറിച്ചുള്ള തിരിച്ചറിവ് പോലുമില്ല. ഇപ്പോൾ നിങ്ങൾ കുട്ടികൾക്ക് എവിടേക്കും ബുദ്ധിമുട്ടി പോകേണ്ട ആവശ്യമില്ല. നിങ്ങൾക്കറിയാം നമ്മൾ പഠിക്കുന്നതു തന്നെ പുതിയലോകത്തേക്കു വേണ്ടിയാണ്. അവിടെ ഈ വേദ-ശാസ്ത്രങ്ങളൊന്നുമില്ല. സത്യയുഗത്തിൽ ഭക്തിയുണ്ടാകുന്നില്ല. അവിടെ സുഖം മാത്രമാണ്. ദുഃഖമുള്ളപ്പോഴാണ് ഭക്തിചെയ്യുക. ഈ സൃഷ്ടിചക്രത്തിന്റെ ചിത്രം വളരെ നല്ലതാണ്. സ്വർഗ്ഗത്തിന്റെ വാതിൽ ഇതിൽ വളരെ വ്യക്തമാണ്. ഈ കാര്യങ്ങളെല്ലാം ബുദ്ധിയിലുണ്ടായിരിക്കണം. ഇപ്പോൾ നമ്മൾ സ്വർഗ്ഗത്തിന്റെ വാതിൽക്കൽ ഇരിക്കുകയാണ്. വളരെയധികം സന്തോഷമുണ്ടായിരിക്കണം. ജ്ഞാനത്തിന്റെ പോയിന്റുകളെ മനനം ചെയ്ത് നിങ്ങൾ അപാര സന്തോഷത്തിലിരിക്കണം. നമ്മളിപ്പോൾ സ്വർഗ്ഗത്തിലേക്ക് പോവുകയാണെന്നുള്ളത് അറിയാമല്ലോ. അവിടെ വളരെ കുറച്ച് മനുഷ്യരേ ഉണ്ടായിരിക്കൂ. ഇവിടെ കലിയുഗത്തിൽ ധാരാളം മനുഷ്യരാണ്. എത്ര കഷ്ടപ്പാടാണ് അനുഭവിച്ചുകൊണ്ടിരിക്കുന്നത്. ദാനപുണ്യ കാർമ്മങ്ങൾ ചെയ്യുക, സന്യാസിമാരുടെ പിറകെ അലയുക, എന്നിട്ടും എത്ര പേരാണ് വിളിച്ചുകൊണ്ടിരിക്കുന്നത് - അല്ലയോ പ്രഭോ, കണ്ണുകാണാത്തവർക്ക് വഴി കാണിച്ചുതന്നാലും.... വഴി അർത്ഥം മുക്തി-ജീവന്മുക്തിയെയാണ് ഉദ്ദേശിക്കുന്നത്. ഇത് ദുഃഖം നിറഞ്ഞ പഴയ ലോകമാണെന്നുള്ളത് നിങ്ങൾക്കേ അറിയൂ. മനുഷ്യർക്ക് ഇതേക്കുറിച്ച് അറിയുക പോലുമില്ല. കലിയുഗത്തിന്റെ ആയുസ്സ് ആയിരക്കണക്കിന് വർഷങ്ങളുണ്ടെന്ന് പറയുന്നത് പാവങ്ങൾ അന്ധകാരത്തിലായതുകൊണ്ടാണ്. നമ്മുടെ

ബാബ നമുക്ക് രാജയോഗം പഠിപ്പിച്ചുതരികയാണ് എന്ന അറിവ് നിങ്ങളിലും നമ്പർവൈസാണ്. എങ്ങനെയാണോ വക്കീലുമായുള്ള യോഗം, എഞ്ചിനീയറുമായുള്ള യോഗം കുട്ടികൾ വെക്കുന്നത്. പഠിക്കുന്നവർക്ക് ടീച്ചറുമായാണ് യോഗമുണ്ടാവുക. വക്കീൽ ഭാഗം പഠിക്കുന്നതിലൂടെ മനുഷ്യർ വക്കീലായിത്തീരുന്നു. ഇത് രാജയോഗമാണ്. ഇവിടെ നമ്മുടെ ബുദ്ധിയോഗം പരമപിതാവായ പരമാത്മാവിനോടൊപ്പമാണ്. ഇതിൽ സന്തോഷത്തിന്റെ അതിര് വർദ്ധിക്കണം. വളരെ മധുരമായിത്തീരണം. സ്വഭാവം ഫസ്റ്റ് ക്ലാസ്സായിരിക്കണം. ആർക്കും ദുഃഖം നൽകരുത്. ആർക്കും ദുഃഖം നൽകരുത് എന്ന് ആഗ്രഹിക്കുന്നുമുണ്ട്, എങ്കിലും മായ മൂക്കിനും, ചെവിക്കും പിടിച്ച് മോശമാക്കി മാറ്റുന്നു. പിന്നീട് ഉള്ളിൽ പശ്ചാത്തപിക്കുന്നു - ഞാൻ അറിയാതെ പെട്ടെന്ന് അവർക്ക് ദുഃഖം നൽകി. പക്ഷേ രജിസ്റ്ററിൽ മോശമായതല്ലേ വരിക. ആർക്കും മനസാ-വാചാ-കർമ്മണാ ദുഃഖം നൽകാതിരിക്കാൻ പ്രയത്നിക്കണം. ബാബ വരുന്നതു തന്നെ നമ്മെ ദേവതകളാക്കി മാറ്റുവാനാണ്. ദേവതകൾ എപ്പോഴെങ്കിലും ആർക്കെങ്കിലും ദുഃഖം നൽകുമോ? ലൗകിക ടീച്ചർ പഠിപ്പിക്കുന്നുണ്ട്, അല്ലാതെ ദുഃഖം നൽകുന്നില്ലല്ലോ. എന്നാൽ കുട്ടികൾ പഠിക്കുന്നില്ലെങ്കിൽ ശിക്ഷകൾ നൽകേണ്ടതായി വരുന്നു. ഇന്നത്തെ കാലത്ത് വിദ്യാർത്ഥികൾക്ക് അടി നൽകുന്ന നിയമം പോലും ഇല്ലാതാക്കിയിരിക്കുന്നു. നിങ്ങൾ ആത്മീയ ടീച്ചറാണ് . നിങ്ങളുടെ ജോലിയാണ് പഠിപ്പിക്കുക, അതിനോടൊപ്പം പെരുമാറ്റത്തെ നല്ലതാക്കാനുള്ള പഠിപ്പും നൽകുക. പഠിക്കുന്നതിലൂടെയും, എഴുതുന്നതിലൂടെയും ഉയർന്ന പദവി നേടുന്നു. പഠിക്കുന്നില്ലെങ്കിൽ തീർച്ചയായും സ്വയം തോറ്റു പോകുന്നു. പെരുമാറ്റം നല്ലതാക്കുന്നതിനു വേണ്ടി ശിവബാബയും ദിവസേന വന്ന് പഠിപ്പിക്കുന്നു. പഠിപ്പിക്കുന്നതിനായാണ് ചിത്രപ്രദർശിനികൾ വെക്കുന്നത്. എല്ലാവരും പ്രദർശിനിയും, പ്രൊജക്ടറും ചോദിക്കുന്നുണ്ട്. ആയിരക്കണക്കിനാളുകൾ പ്രൊജക്ടറുകൾ വാങ്ങിക്കും. ഓരോ കാര്യങ്ങളും ബാബ വളരെ സഹജമാക്കി പറഞ്ഞു തരുകയാണ്. അമർനാഥിലും സേവനം സഹജമാണ്. ചിത്രം കാണിച്ച് നിങ്ങൾക്ക് മനസ്സിലാക്കിക്കൊടുക്കുവാൻ സാധിക്കും. ജ്ഞാനവും ഭക്തിയും എന്താണ്? ജ്ഞാനം ഈ വശത്ത് ഭക്തി മറുവശത്ത്. ജ്ഞാനത്തിലൂടെ സ്വർഗ്ഗവും ഭക്തിയിലൂടെ നരകവും - വളരെ വ്യക്തമാണ്. നിങ്ങൾ കുട്ടികൾ ഇപ്പോൾ പഠിക്കുന്നത് വളരെ എളുപ്പമാണ്, നല്ല രീതിയിൽ പഠിക്കുന്നുമുണ്ട്, എന്നാൽ ഓർമ്മയുടെ യാത്രയില്ല. ഇതെല്ലാം ബുദ്ധിയുടെ കാര്യമാണ്. എനിക്ക് ബാബയെ ഓർമ്മിക്കണം, എന്നാൽ ഇതിൽത്തന്നെയാണ് മായ ബുദ്ധിമുട്ടിക്കുന്നത്. ബുദ്ധിയോഗത്തെ ഇല്ലാതാക്കുന്നു. ബാബ പറയുന്നു, നിങ്ങളെല്ലാവരും യോഗത്തിൽ വളരെയധികം ദുർബലരാണ്. നല്ല-നല്ല മഹാരഥികളായ കുട്ടികളും ദുർബലരാണ്. ഇവരിൽ നല്ല ജ്ഞാനമുള്ളതുകൊണ്ട് ഇവരെ മഹാരഥിയെന്നു പറയുകയാണെന്ന് മനസ്സിലാക്കുന്നു. എന്നാൽ ബാബ പറയുന്നു ,അവർ കുതിരസവാരിക്കാരോ കാലാൾപടയാളികളോ ആയിരിക്കും. ആരാണോ ഓർമ്മയിലിരിക്കുന്നത് അവരാണ് മഹാരഥികൾ. ഇരിക്കുമ്പോഴും എഴുന്നേൽക്കുമ്പോഴും ഓർമ്മയിലിരിക്കുകയാണെങ്കിൽ വികർമ്മം നശിക്കും, പാവനമായിത്തീരും. ഇല്ലെങ്കിൽ ശിക്ഷകൾ അനുഭവിക്കേണ്ടതായി വരും പദവിയും നഷ്ടപ്പെടുന്നു. അതുകൊണ്ടാണ് ബാബ ചാർട്ട് വയ്ക്കാൻ പറയുന്നത്. തന്റെ ചാർട്ട് വയ്ക്കുകയാണെങ്കിൽ സ്വയം അറിയാൻ സാധിക്കുന്നു, ബ്രഹ്മാബാബ സ്വയം പറയുന്നു ഞാനും പുരുഷാർത്ഥം ചെയ്തുകൊണ്ടിരിക്കുകയാണ്. ഇടക്കിടെ ബുദ്ധി മറ്റുവശത്തേക്ക് പോകും. ബ്രഹ്മാബാബയുടെ മേൽ ധാരാളം ഉത്തരവാദിത്തങ്ങൾ ഉണ്ടായിരിക്കുമല്ലോ. നിങ്ങൾക്ക് പിന്നെയും തീവ്രഗതിയിൽ പോകാൻ സാധിക്കും. അതിനോടൊപ്പം തന്റെ പെരുമാറ്റത്തെയും ഉദ്ധരിക്കണം. പവിത്രമായതിനുശേഷം പിന്നീട് വികാരത്തിലേക്ക് വീഴുകയാണെങ്കിൽ മുഴുവൻ സമ്പാദ്യവും നഷ്ടപ്പെടുന്നു. ആരോടെങ്കിലും ക്രോധിച്ചു, ഉപ്പുവെള്ളത്തിനു സമാനമായി എങ്കിൽ അവർ അസുരനാണ്. അനേകപ്രകാരത്തിലുള്ള മായ വരുന്നു. ആരും സമ്പൂർണ്ണമായിട്ടില്ല. ബാബ പുരുഷാർത്ഥം ചെയ്യിപ്പിച്ചു കൊണ്ടിരിക്കുന്നു. കുമാരിമാർക്ക് വളരെയധികം എളുപ്പമാണ് ഇതിൽ അവനവന് ദൃഢത വേണം. ഉള്ളിൽ സത്യത വേണം. അഥവാ ഉള്ളിൽ ആരോടെങ്കിലും ഹൃദയത്തിന്റെ പ്രീതിയുണ്ടെങ്കിൽ മുന്നോട്ടു പോകുവാൻ സാധിക്കില്ല. കുമാരിമാർക്കും, മാതാക്കൾക്കും ഭാരതത്തെ സ്വർഗ്ഗമാക്കി മാറ്റുവാനുള്ള സേവനത്തിൽ മുഴുകണം. ഇതിൽത്തന്നെയാണ് പ്രയത്നവും. പ്രയത്നം കൂടാതെ ഒന്നും തന്നെ ലഭിക്കില്ല. നിങ്ങൾക്ക് 21 ജന്മത്തേക്കുള്ള രാജ്യപദവി ലഭിക്കുന്നു അപ്പോൾ എത്രത്തോളം പ്രയത്നിക്കണം. ഇതിൽ ഉറക്കുന്നത് വരെയും ബാബ ലൗകിക പഠിപ്പ് പഠിക്കാൻ അനുവദിക്കുന്നു. രണ്ട് ലോകത്തു നിന്നും പോകുന്ന അവസ്ഥ വരാൻ പാടില്ല. ആരുടെയെങ്കിലും പേരിലോ, രൂപത്തിലോ കുടുങ്ങുകയാണെങ്കിൽ മരിച്ചു പോകുന്നു.

ഭാഗ്യശാലികളായ കുട്ടികൾ മാത്രമാണ് ശരീരത്തിന്റെ ബോധം മറന്ന് സ്വയത്തെ അശരീരി ആത്മാവാണെന്നു മനസ്സിലാക്കി ബാബയെ ഓർമ്മിക്കാനുള്ള പുരുഷാർത്ഥത്തിലേർപ്പെടുന്നത്. ബാബ ദിവസേന നിങ്ങൾക്ക് മനസ്സിലാക്കിത്തരുന്നുണ്ട്- കുട്ടികളേ, നിങ്ങൾ ശരീരബോധത്തെ ഉപേക്ഷിക്കൂ. ഞാൻ അശരീരിയായ ആത്മാവ് ഇപ്പോൾ വീട്ടിലേക്ക് പോകുന്നു, ഈ ശരീരം ഇവിടെത്തന്നെ ഉപേക്ഷിക്കണം. അതപ്പോഴാണ് ഉപേക്ഷിക്കുക എപ്പോഴാണോ നിരന്തരം ബാബയുടെ ഓർമ്മയിലിരുന്ന്

കർമ്മാതീതമാകുന്നത്. ഇത് ബുദ്ധിയുടെ കാര്യമാണ് എന്നാൽ ഭാഗ്യത്തിലില്ലെങ്കിൽ പിന്നെ എന്ത് പുരുഷാർത്ഥമാണ് ചെയ്യുക. ബുദ്ധിയിലുണ്ടായിരിക്കണം, നമ്മൾ അശരീരിയായാണ് വന്നത്, പിന്നീട് സുഖത്തിന്റെ കർമ്മ സംബന്ധത്തിലേക്ക് വന്നു പിന്നീട് രാവണന്റെ രാജ്യത്തിൽ വികാരി ബന്ധനത്തിൽ അകപ്പെട്ടു പോയി. ഇപ്പോൾ വീണ്ടും ബാബ പറയുകയാണ് അശരീരിയായി തിരികെ പോകണം. സ്വയം ആത്മാവെന്നു മനസ്സിലാക്കി എന്നെ മാത്രം ഓർമ്മിക്കൂ. ആത്മാവു തന്നെയാണ് പതീതമായിത്തീർന്നത്. അല്ലയോ പതീതപാവനാ വരൂ... എന്ന് വിളിക്കുന്നതും ആത്മാക്കൾ തന്നെയാണ്. ഇപ്പോൾ നിങ്ങൾക്ക് പതീതത്തിൽ നിന്നും പാവനമാകുന്നതിനുള്ള യുക്തിയാണ് പറഞ്ഞുതരുന്നത്. ആത്മാവ് അവിനാശിയാണ്. നിങ്ങൾ ആത്മാക്കൾ ഈ ശരീരത്തിലേക്ക് വന്നിരിക്കുന്നതു തന്നെ പാർട്ട് അഭിനയിക്കുന്നതിനാണ്. ഇതും നിങ്ങൾക്കിപ്പോൾ ബാബയാണ് മനസ്സിലാക്കിത്തന്നത്, ആർക്കാണോ കൽപം മുമ്പും മനസ്സിലാക്കിത്തന്നത് അവരാണ് ഇപ്പോഴും വരിക. ഇപ്പോൾ ബാബ പറയുന്നു, കലിയുഗീ സംബന്ധത്തെ മറക്കൂ. ഇപ്പോൾ തിരികെ വീട്ടിലേക്ക് പോകണം. ഈ ലോകം തന്നെ നശിക്കേണ്ടതാണ്. ഇതിൽ യാതൊരു സാരവുമില്ല, അതുകൊണ്ടാണ് എല്ലാവരും ഇവിടെ ബുദ്ധിമുട്ടനുഭവിച്ചുകൊണ്ടിരിക്കുന്നത്. ഭഗവാനെ ലഭിക്കുന്നതിനായാണ് ഭക്തി ചെയ്യുന്നത്. ഭക്തി വളരെ നല്ലതാണെന്ന് മനസ്സിലാക്കുന്നു. വളരെയധികം ഭക്തി ചെയ്യുകയാണെങ്കിൽ ഭഗവാനെ ലഭിക്കുന്നു, സദ്ഗതിയും ലഭിക്കുന്നു. ഇപ്പോൾ നിങ്ങളുടെ ഭക്തി പൂർത്തിയാകുന്നു. നിങ്ങളുടെ വായിൽ നിന്നും അല്ലയോ രാമാ, അല്ലയോ ഭഗവാനേ... എന്നിങ്ങനെയുള്ള ഭക്തിയുടെ വാക്കുകൾ വീഴരുത്. ഇത് അവസാനിപ്പിക്കണം. ബാബ കേവലം എന്നെ തന്നെ ഓർമ്മിക്കൂ എന്നാണ് പറയുന്നത്. എന്തെന്നാൽ ഈ ലോകം തന്നെ തമോപ്രധാനമാണ്. സതോപ്രധാനായവർ സത്യയുഗത്തിലാണ് വസിക്കുക. സത്യയുഗം കയറുന്ന കലയുടേതാണ്, പിന്നീട് കലകൾ താഴേക്ക് ഇറങ്ങുന്നു. ത്രേതായുഗത്തെപ്പോലും വാസ്തവത്തിൽ സ്വർഗ്ഗമെന്നു പറയില്ല. സ്വർഗ്ഗമെന്ന് കേവലം സത്യയുഗത്തെയാണ് പറയുക. നിങ്ങൾ കുട്ടികളുടെ ബുദ്ധിയിൽ ഇപ്പോൾ ആദി മദ്ധ്യ അന്ത്യത്തിന്റെ ജ്ഞാനമുണ്ട്. ആദി അഥവാ ആരംഭം, പിന്നീട് മദ്ധ്യം അഥവാ പകുതി, പിന്നീട് അന്ത്യം. മദ്ധ്യത്തിലാണ് രാവണരാജ്യത്തിന്റെ ആരംഭം ഉണ്ടാവുക. ബാബ ഭാരതത്തിൽത്തന്നെയാണ് വരുന്നത്. ഭാരതം തന്നെയാണ് പതീതവും പാവനവുമായിത്തീരുന്നത്. 84 ജന്മങ്ങൾ എടുക്കുന്നതും ഭാരതവാസികളാണ്. ബാക്കി മറ്റുള്ള ധർമ്മസ്ഥാപകർ നമ്പർവൈസായി വരുന്നു. വൃക്ഷം അഭിവൃദ്ധിയിലേക്കു വരുമ്പോഴാണ് അവരും വരുന്നത്. ഈ കാര്യങ്ങളൊന്നും മറ്റാരുടെയും ബുദ്ധിയിലില്ല. നിങ്ങളിലും എല്ലാവർക്കും ഈ കാര്യങ്ങൾ ധാരണ ചെയ്യാൻ സാധിക്കില്ല. ഈ 84 ജന്മത്തിന്റെ രഹസ്യം മാത്രം ബുദ്ധിയിലിരിക്കുകയാണെങ്കിൽ സന്തോഷത്തോടെയിരിക്കാൻ സാധിക്കും. ഇപ്പോൾ ബാബ വന്നിരിക്കുകയാണ് നമ്മെ തിരികെ കൊണ്ടുപോകാൻ. സത്യം-സത്യമായ പ്രിയതമൻ വന്നിരിക്കുകയാണ്, ആരെയാണോ നമ്മൾ ഭക്തിമാർഗ്ഗത്തിൽ വളരെയധികം ഓർമ്മിച്ചു വന്നത്, ആ ബാബ വന്നിരിക്കുകയാണ് നമ്മൾ ആത്മാക്കളെ തിരികെ കൊണ്ടുപോകുന്നതിനായി... ശാന്തി എന്ന് എന്തിനെയാണ് പറയുന്നത് എന്നതുപോലും മനുഷ്യർക്ക് അറിയില്ല. ആത്മാവ് ശാന്തസ്വരൂപം തന്നെയാണ്. ഈ ശരീരം ലഭിക്കുമ്പോൾ കർമ്മം ചെയ്യണം. ശാന്തിസാഗരനായ ബാബ എല്ലാവരെയും കൊണ്ടുപോകുന്നു. അപ്പോൾ എല്ലാവർക്കും ശാന്തി ലഭിക്കും. സത്യയുഗത്തിൽ നിങ്ങൾക്ക് ശാന്തിയുമുണ്ട് സുഖവുമുണ്ട്. ബാക്കി ആത്മാക്കളെല്ലാവരും ശാന്തിധാമത്തിലേക്ക് പോകുന്നു. ബാബയെത്തന്നെയാണ് ശാന്തിസാഗരനെന്നു പറയുന്നത്. ദേഹാഭിമാനത്തിലായതുകൊണ്ട് ഇതുപോലും പല കുട്ടികളും മറന്നു പോകുന്നു. ദേഹി അഭിമാനികളാകുന്നില്ല. ബാബ എല്ലാവർക്കും ശാന്തി നൽകുന്നുണ്ട്. ചിത്രത്തിൽ സംഗമയുഗത്തെക്കുറിച്ച് പറഞ്ഞുകൊടുക്കൂ. ഈ സമയം എല്ലാവരും അശാന്തരാണ്. സത്യയുഗത്തിൽ ഇത്രയും ധർമ്മങ്ങൾ ഉണ്ടായിരിക്കില്ല. എല്ലാവരിലും ശാന്തിയുണ്ടായിരിക്കും, ഹൃദയം നിറച്ച് ശാന്തി ലഭിക്കുന്നു. നിങ്ങൾ രാജ്യം ഭരിക്കുമ്പോൾ ശാന്തിയുമുണ്ട്, സുഖവുമുണ്ട്. സത്യയുഗത്തിൽ നിങ്ങൾക്ക് പവിത്രതയും, സുഖവും, ശാന്തിയും സർവ്വതുമുണ്ട്. മുക്തിധാമത്തെയാണ് മധുരമായ വീടെന്ന് പറയുന്നത്. അവിടെ പതിതരും, ദുഃഖിതരും ഉണ്ടായിരിക്കില്ല. സുഖ-ദുഃഖത്തിന്റെ കാര്യമേ വരുന്നില്ല. മനുഷ്യർക്ക് ശാന്തിയുടെ അർത്ഥത്തെക്കുറിച്ച് അറിയില്ല. റാണിയുടെ കഴുത്തിലെ മാലയെക്കുറിച്ചുള്ള കഥ ഉദാഹരണമായി പറയുന്നു. ഇപ്പോൾ ബാബ പറയുന്നു, സുഖവും ശാന്തിയും എല്ലാമെടുക്കൂ. ആയുഷ്മാൻ ഭവ... നിയമമനുസരിച്ച് കുട്ടിയുമുണ്ടാകും. കുട്ടിയെ ലഭിക്കുന്നതിനായി പുരുഷാർത്ഥം ചെയ്യേണ്ടി വരില്ല. സമയമാകുമ്പോൾ സാക്ഷാത്കാരമുണ്ടാകുന്നു, സന്തോഷത്തോടെ ശരീരം ഉപേക്ഷിക്കുന്നു. എങ്ങനെയാണോ ബ്രഹ്മാബാബക്ക് സന്തോഷമുണ്ടായിരുന്നത് - ഞാൻ ശരീരം ഉപേക്ഷിച്ച് പോയി ഇതായിത്തീരും, ഇപ്പോൾ പഠിച്ചുകൊണ്ടിരിക്കുകയാണ്. നിങ്ങൾക്കും അറിയാം,നമ്മൾ സത്യയുഗത്തിലേക്ക് പോവുകയാണ്. സംഗമയുഗത്തിൽ മാത്രമാണ് നിങ്ങളുടെ ബുദ്ധിയിൽ ഈ കാര്യങ്ങളെല്ലാം ഉണ്ടാവുക. അപ്പോൾ എത്ര സന്തോഷത്തോടെ കഴിയണം. എത്രത്തോളം പഠിപ്പ് ഉയർന്നതാണോ അത്രയും സന്തോഷമുണ്ടായിരിക്കണം. നമ്മളെ ഭഗവാനാണ് പഠിപ്പിക്കുന്നത്. ലക്ഷ്യം മുന്നിലുണ്ടെങ്കിൽ സന്തോഷവും

ഉണ്ടായിരിക്കണം. എന്നാൽ, പലരും മുന്നോട്ടു പോകവേ വീണു പോകുന്നു.

എപ്പോഴാണോ കുമാരിമാർ മൈതാനത്തിലേക്ക് ഇറങ്ങുന്നത് അപ്പോഴാണ് നിങ്ങളുടെ സേവനത്തിന്റെ അഭിവൃദ്ധിയുണ്ടാവുക. ബാബ പറയുന്നു, പരസ്പരം ഉപ്പുവെള്ളമാകരുത്. അറിയാമല്ലോ നമ്മൾ ഇങ്ങനെയൊരു ലോകത്തിലേക്കാണ് പോകുന്നത്, അവിടെ സിംഹവും-ആടും ഒരുമിച്ചാണ് ജലം കുടിക്കുന്നത്, അവിടെയുള്ള ഓരോ വസ്തുക്കളും കാണുമ്പോൾ തന്നെ ഹൃദയം സന്തോഷിക്കും. പേര് തന്നെ സ്വർഗ്ഗം എന്നാണ്. അപ്പോൾ കുമാരിമാർ തന്റെ ലൗകിക മാതാപിതാക്കളോട് പറയണം- ഇപ്പോൾ ഞങ്ങൾ അവിടേക്ക് പോകാനുള്ള തയ്യാറെടുപ്പ് ചെയ്തുകൊണ്ടിരിക്കുകയാണ്. അതിന് തീർച്ചയായും പവിത്രമായിത്തീരണം. ബാബ പറയുന്നു, കാമം മഹാശത്രുവാണ്. ഇപ്പോൾ ഞാൻ യോഗിനിയാണ് അതുകൊണ്ട് പതിതമാകാൻ സാധിക്കില്ല. സംസാരിക്കാനുള്ള ധൈര്യം ആവശ്യമാണ്. ഇങ്ങനെയുള്ള കുമാരിമാർ വരുമ്പോൾ, സേവനത്തിന്റെ അഭിവൃദ്ധി എത്രപെട്ടെന്നാണ് സംഭവിക്കുന്നതെന്ന് കണ്ടോളൂ. എന്നാൽ ഇതിനായി നഷ്ടോമോഹാ സ്ഥിതി ആവശ്യമാണ്. ഒരു പ്രാവശ്യം മരിച്ചാൽ പിന്നെന്തിന് ഓർമ്മ വരണം. എന്നാൽ വളരെയധികം പേർക്കും വീടിനെക്കുറിച്ചും കുട്ടികളെക്കുറിച്ചുമുള്ള ചിന്തകൾ വന്നുകൊണ്ടിരിക്കുന്നു. പിന്നെങ്ങനെ ബാബയുമായി യോഗം വരും. ഇവിടെ ഞാൻ ബാബയുടേതാണ് എന്നത് ബുദ്ധിയിലുണ്ടായിരിക്കണം. ഈ പഴയലോകം നശിച്ചിരിക്കുകയാണ്. ബാബ പറയുന്നു, എന്നെ ഓർമ്മിക്കൂ.... ശരി!

വളരെക്കാലത്തെ വേർപാടിനുശേഷം തിരികെ കിട്ടിയ മധുരമധുരമായ കുട്ടികൾക്ക് മാതാവുംപിതാവുമായ ബാപ്ദാദയുടെ സ്നേഹസ്മരണയും സുപ്രഭാതവും. ആത്മീയ കുട്ടികൾക്ക് ആത്മീയ അച്ഛന്റെ നമസ്കാരം.

### ധാരണക്കുള്ള മുഖ്യ സാരം:-

1) തന്റെ ഉയർന്ന ഭാഗ്യം ഉണ്ടാക്കുന്നതിനായി എത്ര കഴിയുന്നോ - അശരീരിയാകുന്നതിനുള്ള അഭ്യാസം ചെയ്യണം. ശരീരത്തിന്റെ ബോധം പൂർണ്ണമായും മറക്കണം, ആരുടെയും നാമ-രൂപം ഓർമ്മ വരരുത് - ഈ പരിശ്രമം ചെയ്യണം.

2) തന്റെ പെരുമാറ്റത്തിന്റെ ചാർട്ട് വെക്കണം - ഒരിക്കലും ആസുരീയ പെരുമാറ്റം പാടില്ല. സത്യമായ ഹൃദയത്തോടെ നഷ്ടോമോഹയായി മാറി ഭാരതത്തെ സ്വർഗ്ഗമാക്കുന്നതിനുള്ള സേവനത്തിൽ മുഴുകണം.

## വരദാനം- മായയുടെ റോയൽ രൂപങ്ങളുടെ ബന്ധനങ്ങളിൽ നിന്നും മുക്തരായ വിശ്വ ജീത്, ജഗത്ജീത് ആയി ഭവിക്കട്ടെ.

എന്റെ പുരുഷാർത്ഥം,എന്റെ കണ്ടുപിടുത്തം,എന്റെ സേവനങ്ങൾ,എന്റെ ടച്ചിംഗ്,എന്റെ ഗുണങ്ങൾ വളരെ നല്ലതാണ്, എന്റെ നിർണ്ണയശക്തി വളരെ നല്ലതാണ് ... ഇവയൊന്നും നിങ്ങളുടേതല്ല.ഇവയൊക്കെ മായ യുടെ വളരെ റോയലായ രൂപങ്ങളാണ്.മായ നിന്റേതിനെ എന്റേതാക്കുന്ന വിധത്തിലുള്ള മാന്ത്രികവിദ്യ കളും കാണിക്കും.അതിനാലിപ്പോൾ ഇങ്ങിനെയുള്ള അനേകം ബന്ധനങ്ങളിൽനിന്നും മുക്തമായി ഒരു ബാബയുടെ സംബന്ധത്തിലേക്ക് വന്നുചേരൂ.അപ്പോൾ മായാജീത് ആയി മാറും.മായയെ ജയിക്കുന്നവർ തന്നെയാണ് പ്രകൃതിയെ ജയിക്കുന്നവരും, വിശ്വത്തെ അഥവാ ജഗത്തിനെ ജയിക്കുന്നവരുമായി മാറുന്ന ത്.അവർ ഒരുസെക്കന്റിൽ അശരീരീ ഭവ: എന്ന ഡയറക്ഷനെ എളുപ്പത്തിലും,സ്വാഭാവികമായും പ്രാ വർത്തികമാക്കുന്നു.

## സ്ലോഗൻ: ആരാണോ മറ്റുള്ളവരുടെ നെഗറ്റീവിനെപ്പോലും പോസിറ്റീവാക്കി മാറ്റുന്നത്, അവരാണ് വിശ്വപരിവർത്തകർ.

**അവ്യക്തസൂചന-ആത്മീയമായ അന്തസ്സിന്റേയും, പവിത്രതയുടേയും വ്യക്തിത്വത്തെ ധാരണ ചെയ്യൂ...**
താങ്കളുടെ യഥാർത്ഥ സ്വരൂപം പവിത്രതയാണ്. സ്വധർമ്മം അഥവാ ആത്മാവിന്റെ ആദ്യത്തെ ധാരണയും പവിത്രതയാണ്. സ്വദേശം പവിത്രദേശമാണ്, സ്വരാജ്യം പവിത്ര രാജ്യമാണ്, സ്വയത്തിന്റെ ഓർമ്മചിഹ്നം പരമപവിത്രമായ പൂജ്യസ്വരൂപമാണ്, കർമ്മേന്ദ്രിയങ്ങളുടെ അനാദി സ്വഭാവം സുകർമ്മങ്ങളാണ്. ഇത്രയും കാര്യങ്ങൾ സ്മൃതിയിൽ വെക്കുന്നതിലൂടെ മാത്രം പരിശ്രമവും, അധ്വാനവും ഇല്ലാതാകും. പവിത്രതയെ ഒരു വരദാനമെന്നപോലെ സ്വയത്തിൽ ധാരണ ചെയ്യാനാകും.